## പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1318 03/12/2018 മറുപടിയ്ക്ക്

## കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമം തടയുന്നതിന് പരിശീലനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമം തടയുന്നതിന് സ്കൂളുകളിൽ വ്യക്തി സുരക്ഷ പരിശീലനത്തിന് ക്ലാസ് പീരിയഡുകൾ സജ്ജമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) ലൈംഗികാതിക്രമം തടയുന്നതിന് നിലവിൽ സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട് എങ്കിലും പ്രസ്തുത വിഷയത്തിനായി ക്ലാസ് പീരിയഡുകൾ സജ്ജമാക്കുന്നത് പ്രായോഗികമായി കഴിയുകയില്ല.<br>ഹയർ സെക്കന്ററിയിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ശാരീരിക-മാനസികാരോഗ്യം ശക്തിപ്പെടുത്തുന്നതിനുമായി കരുത്ത് എന്ന പേരിൽ കരാട്ടെ, കളരിപ്പയറ്റ്, തായ്ക്കോണ്ടോ തുടങ്ങിയ ഏതെങ്കിലുമൊരു ആയോധനകലയിൽ 30 വിദ്യാർത്ഥികൾക്ക് വീതം പരിശീലനം നൽകി വരുന്നു. സൗഹൃദ ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥി കൾക്കായി ലൈംഗികാരോഗ്യം, മാനസികാരോഗ്യം, ബാലാവകാശം (പോക്സോ) തുടങ്ങിയവയിൽ വിദഗ്ദരുടെ ക്ലാസ്സുകൾ നടത്തപ്പെടുന്നുണ്ട്.<br>ഈ വർഷം ബാലാവകാശം, പോക്സോ, സൈബർ ക്രൈം എന്നീ മേഖലകളിൽ മുഴുവൻ ഹയർ സെക്കന്ററി സ്കൂളിലെയും സൗഹൃദ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും മേൽ അദ്ധ്യാപകർ സ്കൂളിലെ മറ്റ് അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, എന്നിവർക്ക് ഈ മേഖലയിൽ ശരിയായ അവബോധം നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗിന്റെ ഭാഗമായി പെൺകുട്ടികളുടെ സുരക്ഷ മുൻനിർത്തി "ഷി ക്യാമ്പ്" എന്ന പ്രോഗ്രാം നടത്താറുണ്ട്. |

| | |
|---|---|
| (ബി) ഇത്തരം പരിശീലന സംവിധാനം മാതാപിതാക്കൾ, അധ്യാപകർ, അന ധ്യാപകർ എന്നിവർക്കു കൂടി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (ബി) സെക്കന്ററി തലത്തിലുള്ള കുട്ടികൾക്ക് പോക്സോ നിയമം സംബന്ധിച്ച് അവധി ദിവസങ്ങളിൽ വിപുലമായ പരിശീലനം നൽകി വരുന്നുണ്ട്. പ്രസ്തുത പരിശീലന പരിപാടിയിൽ അനദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും കൂടി പങ്കെടുക്കുവാൻ അവസരമുണ്ട്.<br>ഹയർ സെക്കന്ററി വിഭാഗത്തിൽ മക്കളെ അറിയാൻ എന്ന പേരിൽ കൗമാരക്കാരുടെ ഇഫക്ടീവ് പാരന്റിംഗു മായി ബന്ധപ്പെട്ട് ക്ലാസ്സുകൾ നൽകി വരുന്നുണ്ട്<br>വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗിന്റെ ഭാഗമായി "Positive Parenting" എന്ന പരിപാടികൾ ടി വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ